

**ചരിത്രത്തെ മാറ്റിമറിച്ച അറിവിന്റെ വിനിമയ ഉപകരണങ്ങൾ**

# താളിയോല, അച്ചടിയന്ത്രം, ഇന്റർനെറ്റ്

നമ്മുടെ ചരിത്രത്തെ ത്വരിതപ്പെടുത്തിയ അറിവിന്റെ മൂന്ന് വിനി മയ ഉപകരണങ്ങളാണ് താളിയോലയും അച്ചടിയന്ത്രവും ഇന്റർനെറ്റും. അച്ചടിയെ കേന്ദ്രീകരിച്ചുള്ള പ്രസിദ്ധീകരണങ്ങളും ഇന്റർനെറ്റും ടി.വിയുമടക്കമുള്ള ഉപകരണങ്ങളും ആശയങ്ങളെ സമൂഹത്തിലേക്ക് രേഖപ്പെടുത്തി വെക്കുന്നതിലും വ്യാപിപ്പിക്കുന്നതിലും സൃഷ്ടിച്ച ചലനങ്ങൾ സാമൂഹ്യ ഘടനയെ മൊത്തം തന്നെ മാറ്റിയെടുക്കുകയായിരുന്നു.

ചരിത്രാതീതകാലത്ത് ആദിമ മനുഷ്യർ ഗുഹകളുടെ ചുവരുകളിൽ ചിത്രങ്ങളിലൂടെ ആശയങ്ങൾ പകർത്തി വെച്ചതു മുതൽ ആശയ വിനിമയ രംഗത്ത് തന്റേതായ യാത്രയാരംഭിച്ചു. പിന്നീട് ഭാഷകൾ രൂപം കൊണ്ടു. നദീതടങ്ങളിൽ സ്ഥിരവാസമു



*ഗുട്ടൻബർഗ് പ്രസ്സ്*

കോപ്പറും സിങ്കുമാണ് പിച്ചളയുടെ ഘടകങ്ങൾ

യെ ക്കുറിച്ചും മറ്റും വിവരങ്ങൾ രേഖപ്പെടുത്താനായി എല്ലുകളും ആമത്തോടും ഉപയോഗിച്ചിരുന്നു. ബി.സി 100– ൽ ചൈനക്കാർ പേപ്പർ നിർമ്മാണ വിദ്യ കണ്ടുപിടിച്ചു. ലോകത്തിലെ ആദ്യത്തെ വർത്തമാനപത്രം പ്രസിദ്ധീകരിച്ചതും ചൈനക്കാരായിരുന്നു. തടിയിൽ നിർമ്മിച്ച അച്ചുകളാണ് അവർ ഇതിനായി ഉപയോഗിച്ചത്.

പ്രാചീന കാലത്ത് ഗ്രന്ഥങ്ങളുടെ പകർപ്പെടുക്കുന്നത് അത്യധികം ആയാസമായതിനാൽ അവയിലെ അറിവുകൾ വളരെ ചുരുക്കം ചിലർക്ക് മാത്രമേ ലഭ്യമായിരുന്നുള്ളൂ.

കാലം കടന്നു പോകവെ വിജ്ഞാനമേഖല വികാസം പ്രാപിച്ചു കൊണ്ടിരുന്നു. അതിനനുസരിച്ച് വിവരങ്ങൾ എഴുതി രേഖപ്പെടുത്തുന്ന രീതിയിലും മാറ്റങ്ങളുണ്ടായി.

പേപ്പറിന്റെയും, പേനയുടെയും


*ഗുട്ടൻബർഗ്*

റപ്പിച്ചതോടെ വളർത്തു മൃഗങ്ങളുടെയും, കൃഷിയുടെയും മറ്റു വിവരങ്ങൾ രേഖപ്പെടുത്താനായി മരത്തടികളും കല്ലുകളും ഉപയോഗിക്കുകയും ചെയ്തു.

ചിലരാകട്ടെ കളിമൺ പലകകളിൽ രേഖപ്പെടുത്തിയ ശേഷം അവ ചുട്ടെടുത്ത് ബലപ്പെടുത്തി. മറ്റു ചിലർ ലോഹത്തകിടുകളിൽ അതിപ്രധാന വിവരങ്ങൾ കൊത്തിവെച്ചു. അറബികൾ തുകൽ ചുരുളുകളിൽ എഴുതിയപ്പോൾ ഈജിപ്തുകാർ പാപ്പിറസ് ചെടി പാകപ്പെടുത്തി വിവരങ്ങൾ എഴുതി. ഭാരതത്തിലാകട്ടെ ദേവതാരു പോലുള്ള മരപട്ടകളിലും താളിയോലകളിലും ജ്യോതിശാസ്ത്രവും വ്യാകരണവും ഗണിതവും സാഹിത്യവുമെല്ലാം രചിച്ചു.

ചൈനക്കാർ കാലാവസ്ഥ






അച്ചടിയുടെയും കണ്ടുപിടുത്തവും അവയുടെ വ്യാപകമായ ഉപയോഗവും ഈ രംഗത്ത് ഒരു വൻവിപ്ലവം തന്നെ സൃഷ്ടിച്ചു.

തൂവലുകൾ മഷിക്കുപ്പിയിൽ മുക്കി വളരെ സമയമെടുത്ത് എഴുതിയിരുന്ന രീതിക്ക് മാറ്റമുണ്ടായി.

15-ാം നൂറ്റാണ്ടിൽ ജർമ്മനിക്കാരനായ ജോഹന്നാസ് ഗുട്ടൻബർഗ് അച്ചടിശാല സ്ഥാപിച്ചുകൊണ്ട് ഒരു വൻമുന്നേറ്റത്തിന് തുടക്കമിട്ടു. ഏതൊരു കൃതിയുടെയും അനേകം പകർപ്പുകൾ കുറഞ്ഞ സമയത്തിനുള്ളിൽ ലഭ്യമായി.

അതുവരെ വരേണ്യവർഗ്ഗത്തിന്റെ കുത്തകയായിരുന്ന വിദ്യാഭ്യാസം സാർവത്രികമായി. നവോത്ഥാനത്തിനും, നവീകരണത്തിനും വഴിവി


ആധുനിക പ്രസ്സ്

ഇന്ത്യയിലെ ആദ്യ സയൻസ് സിറ്റി- കൊൽക്കത്ത



ളക്കായത് അച്ചടി രംഗമായിരുന്നു എന്ന് നിസംശയം പറയാം. പൊതുവിദ്യാഭ്യാസത്തിന്റെ തുടക്കത്തോടെ സാക്ഷരതാനിരക്ക് വളരെയധികം ഉയർന്നു. വായനക്കാരുടെ വർദ്ധനവ് അച്ചടിക്ക് നവോന്മേഷം പകർന്നു. പത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും വർദ്ധിച്ചു.

നവോത്ഥാന നായകന്മാരുടെ കൃതികൾ ജനലക്ഷങ്ങൾ വായിക്കുകയും, അവയിലെ സന്ദേശം ഉൾക്കൊള്ളുകയും ചെയ്തു. ഇത് സാമൂഹിക- സാമ്പത്തിക രാഷ്ട്രീയ രംഗങ്ങളിൽ സമൂലമായ പരിവർത്തനത്തിന് ആക്കംകൂട്ടി. കലാ- സാസ്ക്കാരിക രംഗവും ആരോഗ്യ ശാസ്ത്ര മേഖലകളും വൻ പുരോഗതി കൈവരിച്ചു.

അച്ചടിയന്ത്രം തീർച്ചയായും ആധുനിക യുഗത്തിന്റെ സംഭാവനയായിരുന്നു. അറിവുകളുടെ ശേഖരണവും സമൂഹത്തിലേക്കുള്ള അവയുടെ തുറന്ന വ്യാപനവും നാടുവാഴിത്തത്തിന്റെ ചങ്ങലകളിൽ നിന്ന് മോചിതരാകാൻ മനുഷ്യരെ സഹായിച്ചു.

ഒരൊറ്റ ഭാഷയെ കേന്ദ്രീകരിച്ചുള്ള ദേശങ്ങളും രാജ്യങ്ങളും രൂപമെടുക്കുന്നതിൽ അച്ചടിയന്ത്രത്തിന്റെ പങ്ക് വലുതായിരുന്നു. ജനാധിപത്യത്തിന്റെയും മുതലാളിത്ത സമൂഹത്തിന്റെയും ആവിർഭാവത്തിന് അച്ചടി വിദ്യയും അറിവിന്റെ ജനാധിപത്യവൽക്കരണവും തീർച്ചയായും ഹേതുവായിട്ടുണ്ട്. ഇവയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അന്വേഷണകുതുകികളായ കൂട്ടുകാർ അധ്യാപകരോടോ മുതിർന്നവരോടോ ചോദിച്ചു മനസ്സിലാക്കുക.

എന്നാൽ 1995ൽ ഇന്റർനെറ്റ് പ്രചാരത്തിലായതോടെ ആശയ വിനിമയങ്ങളുടെ രീതി മുമ്പില്ലാത്ത രീതിയിൽ ആഗോളവൽക്കരിക്കപ്പെട്ടു. രാജ്യങ്ങളുടെ അതിർത്തി കടന്ന് ഏതു നിമിഷവും ആരുമായും സംവദിക്കാമെന്ന അവസ്ഥ ആഗോളവൽക്കണണത്തിനു ജന്മമേകി.

അച്ചടി മാധ്യമങ്ങളായ പത്ര ങ്ങളുടെയും മാസികകളുടെയും സ്ഥാനത്ത് ഇ- മാഗസിനുകളും വെബ്സൈറ്റുകളും രൂപം കൊണ്ടു. താളിയോല നാടുവാഴിത്തത്തിന്റെ കാലത്തെയാണ് പ്രതിനിധീകരിക്കുന്നതെങ്കിൽ, അച്ചടിയന്ത്രം ആധുനികതയേയും ജനാധിപത്യത്തെയും ആണ് പ്രതിനിധീകരിച്ചതെങ്കിൽ, ഇന്റർനെറ്റും ടെലിവിഷനും മറ്റു സാങ്കേതിക ഉപകരണങ്ങളുമൊക്കെ ഉത്തരാധുനിക സാമൂഹ്യാവസ്ഥക്ക് ജന്മമേകി.

(തുടരും)

● ശാലിനി വി.എസ് നായർ